# അരവണയോടൊപ്പം പ്രസാദമായി ഒരു വൃക്ഷത്തൈ!

**മല ഇറങ്ങി മടങ്ങുന്നവരോരുത്തരും, പ്രസാദമായി കിട്ടിയ മരത്തൈയുമായി തിരിച്ചെത്തുന്നു. സ്വാമിയുടെ പൂങ്കാവനത്തെ സ്മരിച്ചുകൊണ്ട് അത് വീട്ടിലോ നാട്ടിലോ നട്ടുവളർത്തുന്നു! ശബരിമല തീർത്ഥ യാത്രയുടെ മർമ്മമായ ഹരിതകം സമർത്ഥമായ ഉയർത്തിക്കാട്ടുവാനായാൽ അതുപോലെ ഫലപ്രദമായ മറ്റൊരു പ്രകൃതി ബോധവൽക്കരണ സാധ്യത വേറെ കാണില്ല.**

## അയ്യപ്പസ്വാമീ..... ഇവരുടെ കണ്ണ് തുറപ്പിക്കേണമേ....

(കഴിഞ്ഞ ലക്കം തുടർച്ച)

**സി. രാജഗോപാൽ**

പ്രസാദമായ അപ്പത്തിനും അരവണയ്ക്കുമൊപ്പം ഒരു വൃക്ഷത്തൈ കൂടി ശബരിമലയിലെത്തുന്ന സ്വാമീഭക്തന് നൽകിയാലോ!? ഒരു വനക്ഷേത്രത്തിൽ നിന്നു നൽകാൻ ഏറ്റവും നല്ല വനപ്രസാദം! ആലോചിച്ചുകൂടെ തിരുവിതാംകൂർ ദേവസ്വംബോർഡിന്?

മല ഇറങ്ങി മടങ്ങുന്നവരോരുത്തരും, പ്രസാദമായി കിട്ടിയ മരത്തൈയുമായി തിരിച്ചെത്തുന്നു. സ്വാമിയുടെ പൂങ്കാവനത്തെ സ്മരിച്ചുകൊണ്ട് അത് വീട്ടിലോ നാട്ടിലോ നട്ടുവളർത്തുന്നു! ശബരിമല തീർത്ഥ യാത്രയുടെ മർമ്മമായ ഹരിതകം സമർത്ഥമായ ഉയർത്തിക്കാട്ടുവാനായാൽ അതുപോലെ ഫലപ്രദമായ മറ്റൊരു പ്രകൃതി ബോധവൽക്കരണ സാധ്യത വേറെ കാണില്ല.

മൂന്നു കോടി പേർ കഴിഞ്ഞ വർഷം മല ചവിട്ടിയെന്നാണ് ദേവസ്വംബോർഡ് കണക്ക്. അതിശയോക്തിയുണ്ടാകാം. എന്നാൽ ഇന്ത്യയിലെയും ലോകത്തിലെ തന്നെയും കിടയറ്റ ഈ വനതീർത്ഥയാത്ര പ്രകൃതിക്ക് ഏതെല്ലാം വിധത്തിൽ അനുകൂലമാക്കി മാറ്റാനാവും എന്നാലോചിക്കാൻ വൈകിയിരിക്കുന്നു.

വനപൂജകളുള്ള ഒരുമാതൃക നോക്കുകപഞ്ചാബിലെ അനന്ത്പൂർ ജില്ലയിലെ 'കേശ്ഘർ സാഹിബ്' ഗുരുദ്വാരയിലെ ജതേദാറാണ് പ്രൊഫസർ മഞ്ജിത്ത് സിംഗ്. ഖൽസയുടെ മുന്നൂറാം വാർഷിക ആഘോഷത്തോടനുബന്ധിച്ച് ഗുരുദ്വാരയിലെത്തുന്ന ഭക്തജനങ്ങൾക്ക് ഈ കാലഘട്ടത്തിൽ ഏറ്റവും ആവശ്യമായ 'പ്രസാദം' തന്നെ നൽകുവാൻ ആ പുരോഹിതൻ തീരുമാനിച്ചു. ഗുരുദ്വാരയിലെ പ്രസാദം വാങ്ങാൻ ക്യൂ നിൽക്കുന്ന ഓരോരുത്തർക്കും മഞ്ജിത്ത് സിംഗ് നൽകിയത് ഓരോ വേപ്പിൻതൈ.

ഭക്തിയേയും പരിസ്ഥിതി സംരക്ഷണത്തേയും കൂട്ടിയിണക്കുന്ന ഈ പദ്ധതിയിൽ രാജ്യത്തെ ഹരിതവൽക്കരിക്കുവാനുള്ള അനന്ത സാദ്ധ്യതകൾ ഉണ്ടെന്നു കണ്ട് കൂടുതൽ ഗുരുദ്വാരകളും സ്ഥാപനങ്ങളും ഈ രീതി അനുകരിക്കാൻ ആരംഭിച്ചിട്ടുണ്ട്. പുരോഹിതൻ മഞ്ജിത്ത് സിംഗിന് ഇത് വെറും പരിസ്ഥിതി സംരക്ഷണം മാത്രമല്ല. യഥാർത്ഥ ആത്മീയ മാർഗ്ഗം തന്നെയാണിതെന്ന് അദ്ദേഹം കരുതുന്നു. പാരിസ്ഥിതികമായ ഉത്കണ്ഠകൾക്ക് സിക്ക് തത്വചിന്തയിൽ വലിയ പ്രാധാന്യമുണ്ടെന്ന് 'ഖുർബാനി'യെ ഉദ്ധരിച്ച് അദ്ദേഹം സമർത്ഥിക്കുന്നു. "ഗുരുക്കന്മാരുടെ സന്ദേശങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നവരിൽ വിമുഖരായിരുന്നു നമ്മളെന്നും. വിശുദ്ധ ഗ്രന്ഥങ്ങളിലെ പ്രകൃതിമനുഷ്യബന്ധം വിശദീകരിച്ചുകൊടുക്കുവാൻ ഞങ്ങൾ ഏറെ പരിശ്രമിക്കുന്നുണ്ട്." മുന്നൂറാം വാർഷിക ആഘോഷവേളയിൽ തന്നെ ഒരു ലക്ഷം തൈകളാണ് പ്രസാദമായി നൽകിയത്. ആവശ്യമായ വൃക്ഷത്തൈകൾ എത്തിച്ചുകൊടുത്തും മറ്റും പഞ്ചാബിലെ വനംവകുപ്പ് ഈ ശ്രമങ്ങളോട് പരമാവധി സഹകരിക്കുന്നുണ്ട്.

മതസങ്കല്പങ്ങൾക്ക് ജനങ്ങൾ നൽകുന്ന ആദരവ് തിരിച്ചറിഞ്ഞാണ് ഗുരുദ്വാരയിലെത്തുന്ന ഭക്തരെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളുടെ പങ്കാളികളാക്കാൻ ഭക്തിമാർഗ്ഗം ഉപയോഗപ്പെടുത്താൻ മഞ്ജിത് സിംഗ് തീരുമാനിച്ചത്. പ്രകൃതി സംരക്ഷണ ആശയങ്ങൾ ഉള്ളിലടങ്ങിയിട്ടില്ലാത്ത ഒരു മതവുമില്ല. വിശേഷിച്ച് ഭാരതീയതയുടെ അടിയൊഴുക്കാവുന്നതു തന്നെ സമഗ്രമായ പ്രകൃതി ബോധമാണ്. ഭക്തിമാർഗ്ഗം ഇതിന്റെ പ്രത്യക്ഷമായ ഉറവയാകുന്നു. ചെരുപ്പിടാതെ നടക്കലും സസ്യാഹാരം ശീലിക്കലും ഊർജ്ജനിയന്ത്രണം സാധിക്കലും ഹിംസകൾ വർജ്ജിക്കലും മനുഷ്യന് ചേർന്ന പ്രകൃതിമാർഗ്ഗമാണ്. ശബരിമല അയ്യപ്പനേപ്പോലെ ഇത്രയ്ക്ക് പ്രകൃതിദത്തമായ മറ്റൊരു ദൈവം വേറെയുണ്ടാവില്ല. ഉണ്ടാക്കാനും വയ്യ. ശബരിമലയിലേക്കുള്ള മാർഗ്ഗം പ്രകൃതി മാർഗ്ഗത്തിലേക്കുള്ള ഉണർച്ചയായി മാറ്റുവാൻ കഴിയേണ്ടതല്ലേ ബന്ധപ്പെട്ടവർക്ക് ?

പക്ഷേ ലോകത്തെ ഏറ്റവും സുന്ദരമായ ഈ ഹരിതധീശ്വരത്തിന്റെ സന്നിധാനം പോലും വികസിപ്പിച്ച് വികൃതവും പ്രകൃതിവിരുദ്ധവുമാക്കുന്ന ദേവസ്വംബോർഡിന് അത് സാധിക്കുമോ?